- 1 -

8941/19/HRD

File No.HEDN-K3/260/2019-HEDN

2/13.8.19

'ഭരണഭാഷ - മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

ഉന്നത വിദ്യാഭ്യാസം - സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന അതിരൂക്ഷമായ പ്രളയത്തെ അതിജീവിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സ്ഥാപനങ്ങൾ സജ്ജമാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.1425/2019/ഉ.വി.വ തീയതി,തിരുവനന്തപുരം. 10/08/2019

പരാമർശം:- സർക്കാർ ഉത്തരവ് (സാധാ)നം. 4571/2019 പൊ.ഭ.വ. തീയതി 09-08-2019.

ഉത്തരവ്

സംസ്ഥാനത്തെ ഭൂരിഭാഗം ജില്ലകളിലും ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന അതിരൂക്ഷമായ പ്രളയത്തെ അതിജീവിക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലെ സർക്കാർ എയ്ഡഡ് സ്വകാര്യ സ്ഥാപനങ്ങൾ സജ്ജമാക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലെ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾ അതാത് ജില്ലകളിലെ കളക്ടർമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതും അവർക്ക് ആവശ്യമായ എല്ലാ ലഭ്യമായ സൗകര്യങ്ങളും (ഉദ്യോഗസ്ഥർ, വാഹനങ്ങൾ, ഉപകരണങ്ങൾ, കെട്ടിടങ്ങൾ മുതലായവ ഉൾപ്പെടെ) അനുവദിച്ച് നൽകേണ്ടതുമാണ്. അവധി ദിവസമുൾപ്പെടെയുള്ള എല്ലാ ദിവസങ്ങളിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥർ ടി സ്ഥാപനങ്ങളുടെ ചുമതലയിൽ ഉണ്ടായിരിക്കേണ്ടതും, അവരുടെ ഫോൺ നമ്പർ ഇമെയിൽ വിലാസം ഉൾപ്പെടെയുള്ള വിവരങ്ങൾ ദുരന്ത നിവാരണ അതോറിറ്റിക്ക്

File No.HEDN-K3/260/2019-HEDN

ലഭ്യമാക്കേണ്ടതുമാണ്. ആവശ്യമായ മേഖലകളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പരിപൂർണ്ണ സേവനം എല്ലാ വകുപ്പ് മേധാവികളും ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. ഉഷ ടൈറ്റസ്

പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

(1) എല്ലാ ജില്ലാ കളക്ടർമാർക്കും.

(2) ചെയർമാൻ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റി.

(3) കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

(4) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

(5) ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിലെ മറ്റ് വകുപ്പദ്ധ്യക്ഷൻമാർ

(6) www.highereducation.kerala.gov.in

(7) കരുതൽ ഫയൽ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Manuj M

സെക്ഷൻ ഓഫീസർ

**ഇണ്ടാസ് നമ്പർ. ഇബി3/8941/2019/എച്ച്.ആർ.ഡി** **തീയതി: 14.08.2019**

പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി എല്ലാ സ്ഥാപനമേധാവികൾക്കും ഐ.എച്ച്.ആർ.ഡി ഹെഡ് ഓഫീസിലെ എല്ലാ സെക്ഷൻ മേധാവികൾക്കും നൽകികൊള്ളുന്നു.

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**
**(ഡയറക്ടർക്കു വേണ്ടി)**

**പകർപ്പ്:**

1. എല്ലാ സ്ഥാപനമേധാവികൾക്കും
2. ഹെഡ് ഓഫീസിലെ എല്ലാ സെക്ഷൻ മേധാവികൾക്കും
3. ഡെപ്യൂട്ടി ഡയറക്ടർ
4. ഫിനാൻസ് ഓഫീസർ
5. ഫിനാൻസ് കൺസൾട്ടന്റ്/അഡ്വൈസർ } **അറിവിലേയ്ക്കായി**
6. കരുതൽ ഫയൽ
7. ഓഫീസ് പകർപ്പ